വോള്യം5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

## മലയാള സിനിമയിലെ സർഗ്ഗ തരംഗങ്ങൾ

2023 ഫെബ്രുവരി 26 ഞായർ ലെനിൻ ബാലവാടി ആഡിറ്റോറിയത്തിൽ
(വഴുതക്കാട്, ടാഗോർ തിയേറ്ററിനു സമീപം)

### ജി.എസ് .പണിക്കർ സ്മൃതി *










### പ്രഥമ പ്രദർശനം-
### ഇലവരമ്പ്
ബിശ്വജിത് ശ്രീനിവാസൻ




# Filca

State Central Library, Palayam, Trivandrum,
Beam Film Society , Trivandrum
and
Sathyajith Rai Film Society, Kerala

വോള്യം 5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ



## Message

**ANTONY RAJU**
**MINISTER FOR TRANSPORT**
GOVERNMENT OF KERALA

Room No. S. 301, 3rd Floor, South Block
Government Secretariat
Thiruvananthapuram-695 001

Phone
Office : 0471-2326772
Fax : 0471-2327135
Res : 0471-2729117
0471-2311238
Mobile : 9446090902
9400088111

e-mail : min.transport@kerala.gov.in

22/02/2023

**ആശംസ**

ഇരുപത്തിനാലാം വർഷത്തിലേക്ക് ചുവട് വയ്ക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റിയുടെ 2023-ലെ പ്രതിമാസ ഫിലിം ഫെസ്റ്റിവലുകൾ ജനവരിയിൽ ആരംഭിച്ചതിൽ സന്തോഷമുണ്ട് .

തലസ്ഥാന നഗരിയിൽ പ്രശസ്തമായ ഈ ഫിലിം സൊസൈറ്റിയുടെ ഫെബ്രുവരി മാസത്തെ ജി.എസ്. പണിക്കർ സ്മൃതി (ഏകാകിനി, പ്രകൃതി മനോഹരി, പാണ്ഡവപുരം ), പുതിയ സിനിമ ( ഇലവരമ്പ് ) എന്നിവ പ്രദർശിപ്പിക്കുന്നതിലും ഫിലിം വിഷൻ ഡിജിറ്റൽ മാസിക, www.filca.in വെബ്സൈറ്റ് , സിഗ്നേച്ചർ ഫിലിം എന്നിവ ആരംഭിക്കുന്നതിലും എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

22.2.23

ആന്റണി രാജു

# ഫിലിം വിഷൻ

**26 Sunday February 2023**

**Lenin Balavadi Auditorium**

## Screening Program

9:15 AM /Film Screening



പ്രകൃതി മനോഹരി / ജി.എസ് പണിക്കർ
( 1980/114 Mins)

11:40 AM /Film Screening

ഏകാകിനി / ജി.എസ്.പണിക്കർ
(1978/95 Mins)

2:30 PM / Film Screening

പാണ്ഡവപുരം/ജി. എസ്. പണിക്കർ
(1986/ 93 Mins)

4:30 PM : Function

Tribute to G. S. Panicker
Inauguration of Film Vision digital magazine,
Signature film,
Website www.filca.in and
Premiere show of the new film ILAVARAMPU.



Hon. Minister Adv. Antony Raju.



Smt. Sheela Devi
( Producer, Neo Films , G. S. Panicker Films ).



Sri. Biswajith Sreenivasan
( Writer, Director, Producer, ILAVARAMPU ).
Premiere / New Malayalam film/ ഇലവരമ്പ്

4:45 PM /Film Screening

ഇലവരമ്പ് / ബിശ്വജിത് ശ്രീനിവാസൻ
(2023/150 Mins )

വോള്യം 5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

# കാട്ടുപക്ഷികളുടെ സംഘഗാനം



**ഷീല ദേവി, നിയോ ഫിലിംസ്**



ജി.എസ്. പണിക്കർ

"പൂനെയിൽ നിന്നും ഡിപ്ലോമ കഴിഞ്ഞ് നിർമ്മാതാക്കളെ കിട്ടാതായപ്പോൾ ജി.എസ്. പണിക്കർ (10.4.1943–10.08.2022) കാനഡയിലേക്ക് പോയി. അവിടെ ടെലിവിഷൻ രംഗത്ത് മൂന്ന് വർഷം ജോലി ചെയ്തു. ടൊറോന്റോയിലെ റോക്ക്സി തിയേറ്ററിൽ ലോക ക്ലാസിക് സിനിമകൾ പ്രദർശിപ്പിക്കുമായിരുന്നു. പൂനെയിൽ കാണാൻ കഴിയാഞ്ഞത് പലതും അവിടെ കണ്ടു. കേരളത്തിൽ തിരിച്ചെത്തിയത് സിനിമ ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ്. എം.ടി. വാസുദേവൻ നായരുടെ കഥ കറുത്ത ചന്ദ്രൻ സിനിമയാക്കാൻ തീരുമാനിച്ചു. സ്വന്തം നിർമ്മാണകമ്പനി നിയോ ഫിലിംസ് രജിസ്റ്റർ ചെയ്തു. ആ സിനിമയാണ് ഏകാകിനി. 1978-ലെ ചിത്രം. മലയാളത്തിന് അതുവരെ അപരിചിതമായിരുന്ന റോഡ്മൂവി പ്രസ്ഥാന ത്തിലെ ആദ്യത്തെ മലയാള സിനിമയാണിത്. ചലച്ചിത്രകലയെ സ്നേഹിച്ചവർ ആ സിനിമയെ

# ഫിലിം വിഷൻ

സ്വീകരിച്ചതിൽ സന്തോഷമുണ്ട്. തുടർന്ന് പ്രകൃതി മനോഹരി. അത് കല്ലറ-പാങ്ങോട് സ്വാതന്ത്ര്യ സമരചരിത്ര സംഭവമാണ്. പ്രകൃതി മനോഹരി ഷൂട്ട് ചെയ്തത് കടയ്ക്കലിൽ എന്റെ തറവാട്ടിൽ വച്ചാണ്. അന്നാണ് ഞാൻ പണിക്കരെ കാണുന്നത്. കുറച്ചു നാൾ കഴിഞ്ഞ് പണിക്കർ വീണ്ടും വന്നു. വിവാഹം ആലോചിക്കാൻ. ഒരു വർഷം കഴിഞ്ഞ് വിവാഹവും നടന്നു. ഞങ്ങൾക്ക് രണ്ടുകുട്ടികൾ. സാനിനും സനിതയും. അതുകഴിഞ്ഞ് സഹ്യന്റെ മകൻ. വൈലോപ്പിള്ളിയുടെ കവിതയെ ചലച്ചിത്രമാക്കിയുള്ള കുട്ടികളുടെ സിനിമ. ആനയാണ് കഥാപാത്രം. ചിൽഡ്രൻസ് ഫിലിം അവാർഡ് ലഭിച്ചു. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ 20 പ്രിന്റുകൾ വാങ്ങി. പിന്നെയുള്ള സിനിമ സേതുവിന്റെ നോവൽ പാണ്ഡവപുരം എൻ.എഫ്.ഡി.സി.യുമായി പലവിധ പ്രശ്നങ്ങളുണ്ടായി. അവർ നിർമ്മാണം തടസ്സപ്പെടുത്തി. നിയോഫിലിംസ് തന്നെ അത് പൂർത്തീകരിച്ചു. ആ ചിത്രം ബെൽജിയം ഫ്ളാന്റേഴ്സ് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചിരുന്നു. ദൂരദർശനുവേണ്ടിയുള്ള ടെലി സീരിയൽ. നീലവസന്തം. ശാസ്തമംഗലത്തെ സൗപർണ്ണിക ടെലിവിഷൻ സ്റ്റുഡിയോവിലായിരുന്നു ക്യാമറ യൂണിറ്റ്, എഡിറ്റിങ്ങ്, റിക്കാർഡിങ്ങ്, ഗ്രാഫിക്സ് തുടങ്ങിയവ. പിന്നെ വാസരശയ്യ എന്നൊരു പരീക്ഷണ സിനിമ. നിർമ്മാണം മറ്റൊരാൾ ആണെങ്കിൽ സിനിമയിൽ സെൻസറിനു ശേഷം എന്തു വേണമെങ്കിലും തിരുകി കയറ്റാൻ പറ്റും. തീയേറ്ററിൽ നിന്ന് നല്ല കളക്ഷൻ ആ നിർമ്മാതാവിനു കിട്ടി. പിന്നെ കന്നഡയിലും ഒരു സിനിമ എടുത്തു രോമാഞ്ചന. ശിവകുമാർ, റാണി പത്മിനി എന്നിവരായിരുന്നു അഭിനേതാക്കൾ. സെല്ലുലോയ്ഡിൽ നിന്ന് ഡിജിറ്റൽ ഫോർമാറ്റിലേക്ക് സിനിമ മാറുകയാണെന്ന് പണിക്കർ മനസ്സിലാക്കിയിരുന്നു. പഴയ സിനിമകൾ സൂക്ഷിക്കാൻ ആർക്കൈവ്സിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ക്രമീകരണം വേണം. ഡിജിറ്റൽ സിനിമയിൽ പുതിയൊരു സംരംഭം ആരംഭിച്ചിരുന്നു. ഭൂതപ്പാണ്ടി എന്നാണ് ആ സിനിമയുടെ പേര്. തമിഴിലും മലയാളത്തിലും നിർമ്മിക്കാനായിരുന്നു ഉദ്ദേശം. 2000-ൽ ലോകസിനിമയിലുണ്ടായ പുതിയ പ്രവണതയാണ് എത്ത്നിക് റിയലിസം. പാർശ്വവൽക്കരിക്കപ്പെട്ട ഗോത്രവർഗ്ഗക്കാരുടെ ജീവിതം പച്ചയായി അവതരിപ്പിക്കുന്ന ആ സിനിമ തുടങ്ങാൻ പണിക്കർ ഉദ്ദേശിച്ചിരുന്നു. ജീവിക്കുന്ന പരിതോവസ്ഥയിൽ വെച്ചുതന്നെ ചിത്രീകരിക്കുന്നു. പ്രത്യേകം നടീനടന്മാർ ഇല്ല. ഗോത്രവർഗ്ഗക്കാർ തന്നെ നടീനടന്മാർ. അവർ അഭിനയിക്കുകയല്ല, ജീവിക്കുകയാണ്. ആ സിനിമയുടെ ശീർഷകമാണ് കാട്ടുപക്ഷികളുടെ സംഘഗാനം.”

ഫിലിം
വിഷൻ

# മലയാളത്തിലെ ആദ്യത്തെ റോഡ് മൂവി : ഏകാകിനി

**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)

വിശ്വചലച്ചിത്രകലയിലെ മഹത്തായ സൃഷ്ടികൾ കണ്ടറിഞ്ഞ മലയാളത്തിലെ ദൃശ്യകാരന്മാർ പുതിയ പരീക്ഷണങ്ങളിലേക്ക് കടന്നുവന്നതിൻറെ ഒരോർമ്മയാണ് പി . രാമദാസിൻറെ ന്യൂസ് പേപ്പർ ബോയ് . 1955 -ൽ തന്നെയാണ് സത്യജിത് റായിയുടെ പഥേർ പാഞ്ജലിയും സൃഷ്ടിക്കപ്പെട്ടത് . ഇറ്റാലിയൻ നിയോ റിയലിസ്റ്റ് സിനിമകളാണ് മുഖ്യപ്രോചോദനം . ലുചിനോ വിസ്കോന്തി , റോസെലിനി , ഡി സീക , ഫെല്ലിനി തുടങ്ങിയവരുടെ സിനിമകൾ ലോകപ്രേക്ഷകരെ ഇളക്കിമറിച്ച കാലം . അവിടം മുതൽ സിനിമയുടെ മലയാളവർഷങ്ങൾ കടന്നു പോകവേ എഴുപതുകളിൽ നവതരംഗവും പൂത്തുലഞ്ഞു . അടൂർ ഗോപാലകൃഷ്ണൻ , ജി . അരവിന്ദൻ , കെ ജി , ജോർജ് , കെ ആർ . മോഹനൻ , ജോൺ എബ്രഹാം തുടങ്ങിയവർക്കൊപ്പം ആദ്യസിനിമയിലൂടെ മുദ്രപതിപ്പിച്ച സംവിധായകനാണ് ജി . എസ് . പണിക്കർ .



ഫിലിം സൊസൈറ്റി പ്രസ്ഥാനവും ലിറ്റിൽ മാഗസിൻ പ്രസ്ഥാനവും പുസ്തക പ്രസാധനവും ഗ്രന്ഥശാലാ പ്രസ്ഥാനവും ശാസ്ത്രസാഹിത്യ പരിഷത്തും പ്രതിരോധ രാഷ്ട്രീയത്തിലെ വിപ്ലവ വിസ്ഫോടനങ്ങളും അരങ്ങേറി

# ഫിലിം വിഷൻ

യ , ചലച്ചിത്ര ഗാനസാഹിത്യവും ആധുനിക നാടകവും ആധുനിക കഥയും കവിതയും ചിത്രകലയുമൊക്കെ സ്വതന്ത്ര - സർഗാത്മക ആവിഷ്ക്കാരങ്ങൾക്ക് സാക്ഷ്യം വഹിച്ച എഴുപതുകൾ മലയാള സാംസ്കാരിക ചരിത്രത്തിലെ സുവർണ്ണ കാലമാണ് .



പൂന ഫിലിം ഇൻസ്റ്റിട്യൂട്ടിൽ നിന്നും സംവിധാനത്തിൽ ഡിപ്ലോമ എടുത്ത് , കുറച്ചു കാലം കാനഡയിൽ ടെലിവിഷൻ രംഗത്തു പണിയെടുത്തുണ്ടാക്കിയ പണവുമായി കേരളത്തിൽ മടങ്ങിയെത്തിയ ജി .എസ് . പണിക്കർ സിനിമ എന്ന കലാരൂപത്തിൻറെ സാധ്യതകൾ ഉള്ളിലൊതുക്കി 1978 -ൽ നിർമ്മിച്ച ചിത്രമാണ് ഏകാകിനി .

എം . ടി . വാസുദേവൻ നായരുടെ കറുത്ത ചന്ദ്രൻ എന്ന കഥയെ അവലംബമാക്കി എഡിറ്റർ പി. രാമൻ നായരുമൊത്തു രചിച്ച തിരക്കഥ ഒരു റോഡ് മൂവി സങ്കല്പത്തിലുള്ളതാണ് . ഛായാഗ്രാഹകൻ രാമചന്ദ്ര ബാബു , എഡിറ്റർ സുരേഷ് ബാബു , സംഗീതജ്ഞൻ എം . ബി. ശ്രീനിവാസൻ എന്നിവരൊക്കെ ഒത്തുകൂടിയപ്പോൾ ഏകാകിനി എന്ന സിനിമയും മലയാള നവതരംഗ സിനിമയുടെ ചരിത്രത്തിൽ ഇടം പിടിച്ചു .

എക്കാലവും മനുഷ്യഗാഥകളിൽ പ്രമേയമായിട്ടുള്ള ദ്വന്ദമാണ് സ്ത്രീ പുരുഷ ബന്ധം . അതിൽ ഏറെ വൈരുധ്യങ്ങൾ നിറഞ്ഞ വിഷയമാണ് ദാമ്പത്യം . വിവാഹത്തിലൂടെ ആരംഭം കുറിക്കുന്ന ദാമ്പത്യജീവിതത്തിൽ തുണയായും ഇണയായും ഭാര്യ -ഭർത്താക്കൾ വർത്തിക്കണമെന്നതാണ് സങ്കൽപ്പം . സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബ സംവിധാനത്തിൽ സ്വതന്ത്രരായ രണ്ടു വ്യക്തികൾ ഒരേകാലത്തു ഒരു വഴിലൂടെ സഞ്ചരിക്കുക എന്നത് ഒരുതരം ക്രമീകരണത്തിലൂടെയാണ് . സ്ത്രീയെ സംബന്ധിച്ചിടത്തോളം എപ്പോഴും രണ്ടാമതാണ് സ്ഥാനം . ഫ്യൂഡൽ സമൂഹിക വ്യവസ്ഥിതിയിലെ സ്ത്രീ അടിമയുമാണ് .

# ഫിലിം വിഷൻ

കുടുംബത്തിന്റെ സാമ്പത്തിക ഘടനയിലെ പങ്കാളിത്തത്തിൽ സ്ത്രീയ്ക്ക് തുല്യതയൊന്നും അടുത്ത കാലംവരെയൊന്നും അനുവദിക്കപ്പെട്ടിരുന്നില്ല . അവൾ എപ്പോഴും വിധേയയാണ് . പൂർണ്ണ വിധേയത്വത്തിലെ സഹനശക്തിയാണ് സ്ത്രീയുടെ കുലീനത എന്നും കരുതപ്പെട്ടിരുന്നു . വിയോജിക്കാൻ സ്വാതന്ത്ര്യമില്ല .

സമൂഹം ആധുനിക കാലത്തിന്റെ ഘടനയിലേക്ക് കടക്കുമ്പോൾ കുടുംബത്തിൽ സ്ത്രീയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും അസ്തിത്വവും ചോദ്യചിഹ്നമായി മാറുന്നു . അവൾ നിരന്തരം ഒതുങ്ങികഴിയേണ്ടവൾ മാത്രമായി മാറുമോ ? എങ്കിൽ , കറുത്ത ചന്ദ്രനെ മാത്രമാണ് അവൾ കാണുക . നീണ്ടുനിൽക്കുന്ന അമാവാസി. പലപ്പോഴും ഒറ്റപ്പെടുന്നു . മറ്റാരുമറിയാത്ത ഏകാകിനിയായി മാറുന്നു . പക്ഷേ , ചിലപ്പോൾ വിയോജിക്കാനും ധൈര്യപ്പെടുന്നു .അതാണ് ശോഭ എന്ന ഏകാകിനി പറഞ്ഞുവെയ്ക്കുന്നത് .

മലയാള -തമിഴ് സിനിമകളിൽ തിളങ്ങിനിന്ന ശോഭ എന്ന നടിയുടെ ആദ്യകാല സിനിമയാണ് ഏകാകിനി. പതിനാറാമത്തെ വയസ്സിലാണ് ഇതിൽ നായികയാവുന്നത് . അടുത്ത വർഷം തന്നെ പശി എന്ന തമിഴ് സിനിമയിലൂടെ ഉർവശി പുരസ്കാര ജേതാവായി. ഏകാകിനിയിൽ കഥാപാത്രത്തിന്റെ പേരും ശോഭ എന്നു തന്നെ. ഭർത്താവായി അഭിനയിക്കുന്നത് രവി മേനോൻ.

സമ്പന്നനായ കഥാനായകൻ ഇഷ്ടപ്പെടുന്ന ഒരു സാധാരണ നാട്ടിൻപുറത്തുകാരിയാണ് ശോഭ. അയാൾ അവളെ വിവാഹം കഴിക്കുന്നു. ഭർത്താവുമൊത്ത് സ്നേഹസമ്പന്നമായൊരു ജീവിതമാണ് ശോഭയുടെ മനസ്സിൽ. പക്ഷേ അവൾ പ്രതീക്ഷിച്ച സ്വഭാവമൊന്നുമല്ല ആദ്യരാത്രിയിൽ തന്നെ അയാളിൽ പ്രകടമാവുന്നത്. പരിഷ്കൃത സമൂഹത്തിന്റെ ആർഭാടങ്ങളും സങ്കല്പങ്ങളും പരുക്കൻ പ്രകൃതവുമൊക്കെ അയാളിലുണ്ട്. പ്രഥമ സംഭോഗം പോലും ക്രൂരമായ ബലാത്സംഗമായി അവൾക്ക് അനുഭവിക്കേണ്ടിവരുന്നു.

മാംസാഹാരിയായ രവി വീട്ടിലെ കോഴിയെക്കൊല്ലാൻ ശ്രമിക്കുമ്പോൾ സസ്യഭുക്കായ ശോഭ തടസ്സപ്പെടുത്തുമ്പോൾ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാൻ അയാൾ നിശ്ചയിക്കുന്നു. കോഴിയിറച്ചി സ്വാദോടെ കഴിക്കുന്ന അയാൾ നിസ്സാര കാര്യത്തിന് പോലും ഹോട്ടൽ ജീവനക്കാരനെ മനുഷ്യത്വമില്ലാതെ ആക്രോശിക്കുന്നത് ശോഭയ്ക്ക്

പിടിക്കുന്നില്ല. അവൾ അണിയുന്ന വേഷങ്ങളിൽ പോലും അയാൾക്ക് താൽപര്യമില്ല. അവൾ ഇഷ്ടപ്പെടുന്ന സിനിമയ്ക്ക് പോകുന്നത് വഴിയ്ക്കുവെച്ച് മാറ്റിവെച്ച് യുവതികളുടെ കബഡി മത്സരത്തിന് പോകാൻ അയാൾ തീരുമാനിക്കുന്നു. എല്ലാ തീരുമാനങ്ങളും അയാളുടേതാണ്. അവൾ ഒരു വിധേയ മാത്രം. അവളുടെ ഇഷ്ടങ്ങൾക്കൊന്നും യാതൊരു പരിഗണനയുമില്ല.

അയാൾ ഒരു മധുവിധു യാത്ര ആസൂത്രണം ചെയ്യുന്നു. കാറിലുള്ള യാത്രയും യാത്രയ്ക്കിടയിലെ കൊച്ചു കൊച്ചു സംഭവങ്ങളും അവർ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ വെളിപ്പെടുത്തുന്നു. ഒരിക്കലും ഒന്നു ചേരാത്ത സമാന്തര രേഖകൾ പോലെയാണ് ആ നവദമ്പതികൾ.

മുന്നിൽ പോകുന്ന കാറിനെ മറികടക്കാൻ അയാൾ നിരന്തരം ഹോണടിച്ച് അതിവേഗം കാർ പായിക്കുന്നു. വിചാരിക്കുന്നതു നേടിയെടുക്കുന്ന സാഹസികനെപ്പോലെ തന്റെ കൂടെയുള്ള ഭാര്യയുടെ കാഴ്ചപ്പാടുകൾ അയാൾ പരിഗണിക്കുന്നതേയില്ല. യാത്രയിൽ വിവിധ പ്രകൃതി ദൃശ്യങ്ങൾ മാനസിക ഭാവങ്ങൾക്കും ഓർമ്മകൾക്കും വ്യാകരണം ധ്വനിപ്പിക്കുന്നു.

വഴിയ്ക്കുവെച്ച് ചെറിയ അപകടങ്ങൾ സംഭവിക്കുന്ന രീതിയിലുള്ള ഡ്രൈവിങ്ങ് അയാൾക്ക് ഒരു ഹരമാണ്. വഴിയിലുള്ള മറ്റുള്ളവരെ പുച്ഛിക്കാനും ആക്രോശിക്കാനും അയാൾ മടിക്കുന്നില്ല. എതിരെ വരുന്ന തടിലോറിയ്ക്കു മുന്നിൽ കാർ നിർത്തുന്നു. കാർ മാറ്റിക്കൊടുക്കാൻ അയാൾ തയ്യാറല്ല. ലോറിഡ്രൈവർ തടി കയറ്റിയ ലോറി പിന്നോട്ടെടുക്കുമ്പോൾ മാത്രമാണ് അയാൾ കാർ മുന്നോട്ട് പായിക്കുന്നത്.



രാത്രി ഒരു റെസ്റ്റ്ഹൗ

വോള്യം 5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

സിൽ താമസിക്കാൻ അയാൾ നിശ്ചയിക്കുന്നു. മറ്റു മുറികളിൽ നിന്ന് കേൾക്കുന്ന ശബ്ദങ്ങൾ അസഹ്യമാകുമ്പോൾ അയാൾ പാടാൻ തുടങ്ങുന്നു. കർണാടിക്-ഹിന്ദുസ്ഥാനി സംഗീതവും അയാൾ ആലപിക്കുന്നു. അതുകേട്ട് ശോഭയ്ക്ക് അസഹ്യത തോന്നി. ഒന്നു നിർത്തു എന്ന് അവൾ അപേക്ഷിക്കുമ്പോഴും അയാൾ തന്റെ തന്നിഷ്ടത്തിന്റെ ലോകത്താണ്. അയാൾ പുറത്തേക്കു പോകുമ്പോൾ അവൾക്ക് മടുപ്പ് തോന്നുന്നു. തിരികെ എത്തുന്ന അയാൾ കാണുന്നത് ശോഭയുടെ ഉറക്കമാണ്. അവളെ വിളിച്ചെഴുന്നേൽപ്പിക്കുന്നു. അവൾക്ക് അവജ്ഞ തോന്നി. എന്നെ തൊടണ്ട. പക്ഷേ അയാൾ അവളെ ബലാൽക്കാരം ചെയ്യുന്നു. അയാൾ ഉറക്കമാവുമ്പോൾ അവൾ ഉണർന്നു കിടക്കുന്നു. അസ്വസ്ഥതയുടെ യാമങ്ങൾ. ഇണക്കമില്ലാത്ത പങ്കാളി. പരിഗണന നല്കാത്ത പോരാളി. അവൾ എഴുന്നേറ്റ് ജനലരികിൽ ചെന്നു നിന്നു. തിരികെ കസേരയിൽ വന്നിരുന്ന് ചിന്താകുലയായി.

പ്രഭാതത്തിൽ അവർ യാത്ര തുടർന്നു. അതിവേഗം പായുന്ന കാറിലിരിക്കുമ്പോഴും ശോഭയുടെ മനസ് ആകുലമാണ്. കഥകളി പദങ്ങളും തുടർന്ന് ബഹളമയമായ പാശ്ചാത്യസംഗീതവും അയാൾ ഒരേപോലെ ആസ്വദിക്കുമ്പോൾ അവൾക്ക് മടുപ്പ് തോന്നുന്നു. ഇടയ്ക്ക് കാർ നിർത്തി അയാൾ ഓടാൻ തുടങ്ങുന്നു. ശരീരത്തിന് ഉന്മേഷം കിട്ടാൻ. വീണ്ടും യാത്രയാവുന്നു. ഉച്ചയ്ക്കെങ്കിലും ലക്ഷ്യത്തിലെത്താൻ കഴിയുമോ എന്ന് അവൾ ചോദിക്കുന്നുണ്ട്. മലമുകളിലെത്തുമ്പോൾ കാർ നിർത്തുന്നു. മൂത്രമൊഴിക്കുമ്പോൾ അയാൾ ദൂരക്കാഴ്ച കണ്ട് അവളെ കാണിക്കുന്നു. വേട്ടയ്ക്കിറങ്ങാൻ പറ്റിയ സ്ഥലം. പക്ഷേ അവൾക്കു താല്പര്യമില്ല. യാത്ര തുടരാൻ നിശ്ചയിക്കുന്നു. പക്ഷേ കാർ സ്റ്റാർട്ടാവുന്നില്ല. അയാൾ ദേഷ്യപ്പെടാൻ തുടങ്ങി. അവളോട് തള്ളാൻ ആക്രോശിക്കുന്നു. അവൾ പ്രയാസപ്പെട്ട് കാർ



# ഫിലിം വിഷൻ

തള്ളുന്നു. മുന്നോട്ടു നീങ്ങിയ കാർ സ്റ്റാർട്ടാവുമ്പോൾ അയാൾ അവളെ വിളിച്ചു. പക്ഷേ അവൾ അവിടെതന്നെ നിന്നു. മനസ്സ് കലങ്ങുന്നുണ്ടായിരുന്നു. അയാൾ കാർ മുന്നോട്ടോടിച്ചുപോയി. അല്പം ദൂരം പിന്നിട്ടപ്പോൾ എന്തോ ആലോചിച്ച് കാർ പിറകോട്ടോടിച്ചു. പക്ഷെ അവളെ കാണുന്നില്ല. അവിടമാകെ അയാൾ നടന്നു വിളിച്ചു. ഒടുവിൽ കാറിനടുത്തെത്തിയപ്പോൾ ശോഭ കാറിനുള്ളിലിരുപ്പുണ്ട് . നീ സ്മാർട്ടാണ്. അയാളുടെ സ്വരത്തിൽ പുച്ഛം. കാർ മുന്നോട്ടു നീങ്ങി.

കുന്നിൻ പ്രദേശത്ത് എത്തിയപ്പോൾ അവർ കാർ നിർത്തി. ഡിക്കിയുടെ പിന്നിൽ നിന്ന് തോക്കെടുത്തു. അയാൾക്ക് വേട്ട നടത്തണം. അവൾ അയാൾക്കൊപ്പം നടന്നു. ഒരു പഴയ ക്ഷേത്രം. ഇടിഞ്ഞുപൊളിഞ്ഞ ക്ഷേത്രത്തിനു സമീപം വേട്ട നടത്തുന്നത് അവൾക്കിഷ്ടമല്ല. പക്ഷേ അയാൾ കൂടുതൽ പരുക്കനായി. ഒരു മുയലിനെ ഉന്നം വെച്ചു വെടിവെച്ചിടുമ്പോൾ ശോഭയാകട്ടെ തലചുറ്റിവീഴുന്നു. ചത്ത മുയലിനെയും കൊണ്ട് അയാൾ വരുമ്പോൾ അവൾ ബോധമില്ലാതെ ചാരി കിടക്കുകയാണ്. അയാൾ അവളെ ഉണർത്തുമ്പോഴും അവളുടെ മനസ്സിൽ ആകുലതകളാണ്.

അവർ അന്നു തങ്ങിയ ഹോട്ടലിൽ ആഘോഷമാണ്. നൃത്തസംഗീത രാത്രി. അവിടെയുള്ള സ്ത്രീകൾ ശോഭയ്ക്ക് മദ്യം നീട്ടുമ്പോൾ അവൾ നിരസിക്കുന്നു. മദ്യപിച്ച സ്ത്രീപുരുഷന്മാർ നൃത്തം വെയ്ക്കുന്നത് അവൾക്ക് പിടിക്കുന്നില്ല. ഒരു സ്ത്രീ വന്ന് അയാളെ കൂടെ നൃത്തം ചെയ്യാൻ ക്ഷണിക്കുന്നു. അയാൾ ആ സ്ത്രീയുമൊത്ത് നൃത്തം ചെയ്യുന്നതും അവൾക്കു സഹിക്കുന്നില്ല. അവൾ പറഞ്ഞു എന്നെ വീട്ടിൽ കൊണ്ടാക്കണം. ഇതൊന്നും കാണാൻ എനിക്കു പറ്റില്ല. അവൾ തേങ്ങിക്കരയാൻ തുടങ്ങി.

അവർ യാത്ര തുടർന്നു. ഒരു സൈക്കിൾ യാത്രക്കാരൻ കാറിനു മുന്നിലെത്തിയപ്പോൾ അയാൾ പെട്ടെന്ന് വണ്ടി നിർത്തിക്കൊണ്ട് അലറി. കണ്ണു കണ്ടൂടെ, റാസ്കൽ? മറിഞ്ഞു വീണ സൈക്കിൾ യാത്രക്കാരൻ ഓടി. കാർ മുന്നോട്ടോടിച്ചു. അയാൾക്ക് അവളോടുള്ള ദേഷ്യം പുറത്തുവന്നു. കാറിന്റെ വേഗത കൂട്ടി. പെട്ടെന്ന് കാർ നിശ്ചലമായി. അതിനും അയാൾ അവളോടു ദേഷ്യപ്പെടുന്നു. സമീപത്തുള്ള വർക്ക്ഷോപ്പിൽ കാർ ഏല്പിച്ചു. യാത്ര മുടങ്ങിയ അവർക്കിടയിൽ അതൃപ്തിയും അകൽച്ചയും വർധിച്ചു.

# ഫിലിം വിഷൻ

ആ രാത്രി സമീപത്തുള്ള സുഹൃത്തിന്റെ ലോഡ്ജിൽ മുറിയെടുത്തു. അയാളുടെ സുഹൃത്ത് ഗൾഫുകാരൻ അവളോട് അടുക്കാൻ ശ്രമിക്കുന്നത് അവൾക്ക് ഇഷ്ടപ്പെടുന്നില്ല.

അവൾ എഴുന്നേറ്റ് കടൽത്തീരത്തേക്കു നടന്നു. അയാളാണെങ്കിൽ മാറിയിരിക്കുകയാണ് - കാർ ഇന്നു കിട്ടില്ലേ? അവൾ ചോദിച്ചു. ചിലപ്പോൾ വൈകിട്ടു കിട്ടുമായിരിക്കും. അയാളുടെ മുഖത്ത് ഉദാസീനത.

കടൽതീരത്തു കൂടെ നടക്കുമ്പോൾ അവർ തമ്മിൽ അകലം പാലിച്ചു. സുഹൃത്തിനോടൊപ്പം അയാൾ കൂട്ടുചേർന്നു. അവൾ പോകാനുള്ള ഒരുക്കത്തിലാണ്. അയാൾക്കു ദേഷ്യം തോന്നി. ഇന്നു പോകുന്നില്ല. സുഹൃത്ത് ഒരു പാർട്ടിക്ക് വിളിച്ചിട്ടുണ്ട്. അയാൾ കുളിക്കുവാൻ പോയപ്പോൾ അവൾ എന്തോ ഓർത്ത് കണ്ണീർവാർത്തു.

കടൽക്കരയിൽ അയാൾ വ്യായാമം ചെയ്യുന്നത് നോക്കിനിന്ന അവൾ അസഹ്യതയോടെ പറഞ്ഞു. എനിക്കിപ്പോൾ വീട്ടിൽ പോകണം. പറഞ്ഞതു കേട്ടില്ലേ? എനിക്കിപ്പോൾ വീട്ടിൽ പോകണമെന്ന്. അയാൾ പറഞ്ഞു. ഇന്നു പോകാൻ പറ്റില്ല. അവൾ നിശ്ചയിച്ചു. എനിക്കിപ്പോൾ തന്നെ പോകണം. കൊണ്ടുപോകുന്നില്ലെങ്കിൽ ഞാൻ തനിച്ചു പോകും. അയാൾ അനുവദിച്ചു - എന്നാൽ പൊയ്ക്കോ. അവൾ ലോഡ്ജ്മുറിയിലെത്തി വസ്ത്രങ്ങൾ ഒതുക്കി. കണ്ണാടിയിൽ നോക്കി എന്തോ ഓർത്തു നിശ്ചയിച്ചു. ഒരു അടിമയാവാനാവില്ല. അവഗണന സഹിക്കാനാവില്ല.



അവൾ പെട്ടിയെടുത്തു കടൽത്തീരത്തു വന്ന് മുറിയുടെ താക്കോൽ അയാളുടെ നേർക്ക് എറിഞ്ഞുകൊടുത്തുകൊണ്ട് തിരിഞ്ഞു നടന്നു. അകന്നു പോകുന്ന അവളെ നോക്കി അയാൾ ദേഷ്യത്തോടെയും അങ്കലാപ്പോടെയും നിന്നു. അവൾ തിരിഞ്ഞു നോക്കാതെ നടന്നകന്നു മറഞ്ഞു, ഒരു ഏകാകിനിയെപ്പോലെ. ●

വോള്യം 5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

# പ്രകൃതി മനോഹരി

**രചന, സംവിധാനം : ജി.എസ്. പണിക്കർ**

**ഛായാഗ്രഹണം: ദിവാകര മേനോൻ**

**എഡിറ്റിംഗ്: സുരേഷ് ബാബു**

**അഭിനേതാക്കൾ: ജഗന്നാഥ വർമ്മ, സുഗതൻ, ഇന്ദ്രപാലൻ, ലിഷ**

**നിർമ്മാണം: നിയോ ഫിലിംസ് – 1980**

മഹാത്മാഗാന്ധി നയിച്ച നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു കല്ലറ -പാങ്ങോട് സമരം. 1930 കളിൽ ഗ്രാമങ്ങളിൽ നിന്നും തിരുവനന്തപുര ത്തേക്കും മറ്റു പട്ടണങ്ങളി ലേക്കുമായി വിദ്യാഭ്യാസ ത്തിനും കച്ചവടത്തിനും സൈനികസേവനത്തിനു മായി പോയവർക്ക് മഹാ ത്മാ ഗാ ന്ധി യു ടെ സന്ദേശം പ്രചോദനമായ പ്പോൾ ബ്രിട്ടീഷ് രാജിനെ തിരെ പോരാടാൻ നിശ്ച യിച്ചു. പലരും ഗ്രാമങ്ങ ളിൽ തിരിച്ചെത്തി സ്വാത



# ഫിലിം വിഷൻ



ന്ത്ര്യസമരത്തിലേക്ക് ആളുകളെ സംഘടിപ്പിച്ചു.

സി.പി. രാമസ്വാമി 1936-ൽ തിരുവിതാംകൂർ ദിവാൻ ആയിത്തീർന്നതോടെ പോലീസിനെ ഉപയോഗിച്ച് സമരക്കാരെ വേട്ടയാടാൻ തുടങ്ങി. ഭൂപ്രഭുത്വം, രാജവാഴ്ച, കൊളോണിയലിസം എന്നിവയ്ക്കെതിരെ ഗ്രാമവാസികൾ കൂടുതൽ സംഘടിതരായി. കാർഷിക ഉൽപ്പന്നങ്ങൾക്ക് കടുത്ത നികുതി ഏർപ്പാടാക്കി കർഷകരെ കഷ്ടത്തിലാക്കിയ ദിവാനെതിരെയും പ്രതിഷേധമുയർന്നു. പോലീസിനെ ഉപയോഗിച്ച് നികുതിപിരിവ് സർക്കാർ നിർബന്ധിതമാക്കിയപ്പോൾ മതജാതി വിഭജനം മറന്ന് ജനങ്ങൾ ഒന്നുചേർന്ന് പ്രതിഷേധം ശക്തമാക്കി.

1938 സെപ്തംബർ 30ന് കല്ലറ ചന്തയിൽവെച്ച് ദുർഭരണത്തിനെതിരെയും പോലീസ് തേർവാഴ്ചയ്ക്കെതിരെയും കർഷകർ അണിചേർന്നു. ചെല്ലപ്പൻ വൈദ്യൻ, കൊച്ചാപ്പി പിള്ള, ചെറുവാലം കൊച്ചുനാരായണൻ ആചാരി തുടങ്ങിയവർ നേതൃത്വം നൽകി. നേതാക്കളെ പോലീസ് പിടികൂടി കഠിനമായി മർദ്ദിച്ചു. അതോടെ കർഷകർ ആയുധങ്ങളെടുത്ത് പോലീസിനെ നേരിട്ടു. അവർ പാങ്ങോട്-



തിരുവനന്തപുരം പാത മരങ്ങൾ വെട്ടിയിട്ട് ഉപരോധിച്ചു.

കൊച്ചാപ്പി പിള്ളയെ പോലീസ് മോചിപ്പിച്ചുവെങ്കിലും മറ്റു തടവുകാർക്ക് വേണ്ടി ജനങ്ങൾ സമരത്തിന് ഇറങ്ങി. പാത സഞ്ചാരയോഗ്യമാക്കാനെത്തിയ പോലീസുകാരിൽ ഒരാൾ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. തുടർന്ന് തോക്കുകളുമായി കൂടുതൽ പോലീസ് രംഗത്തെത്തി വെടിവെയ്പ്പ് ആരംഭിച്ചു.

പ്ലാങ്കീഴിൽ കൃഷ്ണപിള്ള, ചെറുവാലം കൊച്ചുനാരായണൻ ആചാരി എന്നിവർ വെടിയേറ്റു മരിച്ചു. സമരക്കാരെ പിടികൂടാൻ പോലീസ് വീടുവീടാന്തരം തെരച്ചിൽ തുടങ്ങി. എല്ലാ നേതാക്കളെയും അനുഭാവികളെയും പിടികൂടി തടവിലിട്ടു. വിചാരണ തുടങ്ങി. അങ്ങനെ കർഷക സമരം അടിച്ചമർത്തപ്പെട്ടു. പിന്നീട് നേതാക്കളിൽ രണ്ടുപേരെ തൂക്കിലേറ്റി. മറ്റുള്ളവരെ ഒൻപത് വർഷം വരെ കഠിനതടവിന് ശിക്ഷിച്ചു. ഒരാൾ ആത്മഹത്യ ചെയ്തു.

ഇൻഡ്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അറിയപ്പെടുന്ന 39 സമരങ്ങളിൽ 26-ാമത്തേതാണ് കല്ലറ-പാങ്ങോട് സമരം.

ഗ്രാമവാസികളായ രണ്ട് യുവാക്കളിലൂടെയാണ് ഈ സമരകഥ പ്രകൃതി മനോഹരി എന്ന സിനിമയിൽ ആവിഷ്കരിച്ചിരിക്കുന്നത്. സമരകാലത്ത് ഉല്ലസിച്ചു നടന്ന ഇരുവരും ഒരു ഘട്ടത്തിൽ രണ്ടു വഴിക്കായി. ഒരാൾ സ്വാതന്ത്ര്യസമരസേനാനിയും മറ്റേയാൾ പോലീസുകാരനുമായിത്തീർന്നു. സമരസേനാനി പോലീസിന്റെ വെടിയേറ്റ് രക്തസാക്ഷിയാവുന്നു.



■

# പാണ്ഡവപുരം

**രചന : സേതു, ജി.എസ്. പണിക്കർ**

**സംവിധാനം: ജി.എസ്. പണിക്കർ**

**ഛായാഗ്രഹണം: ദിവാകര മേനോൻ**

**എഡിറ്റിംഗ്: സുരേഷ് ബാബു**

**അഭിനേതാക്കൾ: ജമീലാ മാലിക്, അപ്പു, ജയിംസ്, മാസ്റ്റർ ദീപക്**

**നിർമ്മാണം: നിയോ ഫിലിംസ് – 1986**

സ്ത്രീ മനസ്സിന്റെ ചോദനകളെയും നിഗൂഢ തലങ്ങളെയും പ്രതിപാദിക്കുന്ന മലയാള നോവലാണ് പാണ്ഡവപുരം. യാഥാർത്ഥ്യവും സ്വപ്നവും വേർതിരിച്ചറിയാൻ ആവാത്ത രംഗങ്ങൾ നോവലിസ്റ്റ് സേതു ആവിഷ്കരിക്കുന്നു. നോവലിനെ ആസ്പദമാക്കിയുള്ള സിനിമാ നിർമ്മാണം പല ഘട്ടത്തിലും പ്രതിസന്ധികളെ നേരിട്ടതുമൂലം പലപ്പോഴായിട്ടാണ് പൂർത്തിയാക്കിയത്. ചിത്രീകരണം തുടങ്ങിയപ്പോൾ എൻ.എഫ്.ഡി.സി. ഉദ്യോഗസ്ഥനുമായുള്ള അനിഷ്ടത്തെതുടർന്ന് നിർമ്മാണം നിർത്തിവെയ്ക്കേണ്ടി വന്നു. തുടർന്ന് ജി.എസ്. പണിക്കരുടെ നിർമ്മാണക്കമ്പനിയായ നിയോ ഫിലിംസ് തന്നെ നിർമ്മാണ ചുമതല പൂർണ്ണമായും ഏറ്റെടുത്താണ് ചിത്രീകരണം പൂർത്തീകരിച്ചത്.



മുഖ്യകഥാപാത്രമായ ദേവി ടീച്ചറുടെ മനോഗതങ്ങളാണ് പല സംഭവങ്ങളും. പാണ്ഡവപുരം ഒരു യാഥാർത്ഥ്യ

# ഫിലിം വിഷൻ

മോ ഭാവനയോ സ്വപ്നമോ ആവാം. ഇണയായും തുണയായും ഒരു പുരുഷനെ സ്വീകരിക്കാനുള്ള കാത്തിരിപ്പിന്റെ പ്രതീക്ഷയും വിഭ്രമങ്ങളും നിരാശയുമൊക്കെ സ്ത്രീയിൽ പ്രതിഫലിക്കുന്ന ബിംബങ്ങളുടെ അടുക്കാണ് പാണ്ഡവപുരമെന്ന കലാസൃഷ്ടി.

'പാണ്ഡവപുരത്തെ തെരുവുകളിലൂടെ അനാഥകളായ പെൺകുട്ടികളുടെ ജീവിതം തുലയ്ക്കാനായി ജാരന്മാർ പുളച്ചു നടന്നു. അവിടെ കുന്നിൻമുകളിൽ ശ്രീകോവിലിൽ ചുവന്ന ഉടയാടകൾ അണിഞ്ഞ് നെറുകയിൽ സിന്ദൂരമണിഞ്ഞ് ഭഗവതി ചമ്രം പടിഞ്ഞിരുന്നു. പാണ്ഡവപുരത്ത് വന്നെത്തുന്ന ഓരോ വധുവും ദേവിയോട് പ്രാർത്ഥിച്ചു. ജാരന്മാരിൽ നിന്നും ഞങ്ങളെ രക്ഷിക്കൂ. അവരുടെ മായാവലയത്തിൽ പെടാതെ കാത്തുകൊള്ളണേ' നോവൽ രചിക്കുന്ന കാലത്ത് അതൊരു ഭാവനയാണെങ്കിൽ ആനുകാലിക സമൂഹത്തിൽ അതൊരു യാഥാർത്ഥ്യമല്ലേ എന്ന് ചോദിച്ചേക്കാം.

ഓരോ സ്ത്രീയുടെയും മനസ്സിൽ യോജിപ്പില്ലാത്ത ഭർത്താവുമൊന്നുള്ള ജീവിതം ആത്മദുഖത്തിന്റെ കൂമ്പാരമാണ്. അജ്ഞാതമായ ഒരു ശവപ്പറമ്പിൽ ഉയർന്നു നിൽക്കുന്ന നിഴൽസ്മാരകങ്ങളാണ്. വേദനയുടെ പര്യായങ്ങളാണ്. പക്ഷേ അവിടെയും വസന്തം പറന്നെത്തിയേക്കാം. അന്യനായിത്തീർന്ന ഭർത്താവിന് പകരം സ്വന്തമായി മാറുന്ന ജാരൻ വന്നെത്തിയേക്കാം. ഉള്ളിലൊതുക്കുന്ന വിധിവൈപര്യത്യങ്ങൾക്ക് ഒരു പക്ഷേ, സ്വപ്നങ്ങളുടെ ചിറക് മുളച്ചേക്കാം. ഏതോ ഒരു അപരിചിത ദേശവും സങ്കൽപ്പവുമാണ് പാണ്ഡവപുരം. പാണ്ഡവപുരം ഒരു യാഥാർത്ഥ്യമാണെന്നും അല്ലെന്നും പ്രേക്ഷകന് തോന്നാം.

റെയിൽവേ പ്ലാറ്റ്ഫോമിൽ ഏതോ ഒരു വിരുന്നുകാരനെ കാത്തിരിക്കുകയാണ് ദേവി ടീച്ചർ. ആരാണത്? ആർക്കുമറിയില്ല. ഭർത്താവ് ഉപേക്ഷിച്ച് പോയവളാണ് ദേവി ടീച്ചറെന്ന് നാട്ടുകാർക്കറിയാം. ഒരു കുട്ടിയുമുണ്ട്. ദേവിടീച്ചർ പ്ലാറ്റ്ഫോമിൽ ഇരുന്ന് ഓരോ ട്രെയിനും വന്നു പോകുന്നത് കാണുന്നത് നിരന്തര പ്രതീക്ഷയോടെയാണ്. പ്രതീക്ഷയുടെ താവളമാണോ പാണ്ഡവപുരം? അവിടെ നിന്ന് ഒരിക്കൽ ഒരാൾ തന്നെ തേടിയെത്തുമോ?

ഭർത്താവ് കുഞ്ഞിക്കുട്ടന്റെ സുഹൃത്ത് എന്ന് പറയപ്പെടുന്ന ഒരാളുടെ ചിത്രം വരയ്ക്കാൻ ദേവി ടീച്ചർ വെറുതെ പണിപ്പെടുന്നുണ്ട്. ദേവി ഒരു സ്വപ്നത്തിനും യാഥാർത്ഥ്യത്തിനും നടുവിൽ ഏകാന്തമായി അലയുന്നു എന്നതിന്റെ സൂചനകൾ

# ഫിലിം വിഷൻ



ടിക്കറ്റ് കളക്ടറും നാത്തൂൻ ശ്യാമളയും മകൻ രഘുവും മുത്തശ്ശി അമ്മാളുവമ്മയും നൽകുന്നുണ്ട്.

ഭാര്യയെ സ്നേഹിക്കാത്തവനും തെറ്റിദ്ധരിക്കുന്നവനും അപകർഷതാ ബോധത്താൽ അപമാനിക്കുകയും ചെയ്യുന്നവനാണ് കുഞ്ഞിക്കുട്ടൻ. അപരിഷ്കൃതനായ അയാളുടെ വന്യമായ പെരുമാറ്റങ്ങളിൽ ദേവി ഒറ്റപ്പെടുന്നു. മൗനത്തിലാവുന്നു.

അവളുടെ മനസ്സിൽ സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും സ്വപ്നമായി ഒരു ജാരൻ രൂപം കൊള്ളുന്നു. ബഹുഭർതൃത്വം ഭാരത ഇതിഹാസത്തിലും പുരാണങ്ങളിലും ഏറെ വർണ്ണിച്ചിട്ടുള്ള ഒന്നാണെങ്കിലും സമകാലിക സമൂഹത്തിൽ അത് അംഗീകൃതമല്ല. ബഹുഭർതൃത്വം അനുഭവിച്ച ആദിസ്ത്രീത്വത്തിന്റെ പുനരവതാരമാണ് ദേവിടീച്ചറെന്ന് തോന്നിപ്പോകാം. ലൈംഗിക ചോദനയാൽ അപരിചിതമായൊരു പൗരുഷത്തെ അവൾ ആഗ്രഹിക്കുന്നുണ്ടാവാം. പുരുഷന്റെ നഗ്നതയിൽ കാളിയെപ്പോലെ നൃത്തമാടാനും അവന്റെ രക്തമെടുത്ത് സിന്ദൂരം ചാർത്താനുമുള്ള പ്രചണ്ഡമായ രതിബോധം അവളിൽ കത്തിക്കാളുന്നുണ്ട്.

സദാചാരത്തിന്റെയും സന്മാർഗ്ഗികതയുടെയും ഇടുങ്ങിയ ചട്ടക്കൂടിൽ ഒതുങ്ങേണ്ടി വരുന്ന സ്ത്രീമനസ്സിന്റെ വിഹ്വലതകൾ മനോഹരമായി ചിറക് വിടർത്തുന്ന ദേശാടനപക്ഷികളെപ്പോലെയാണ്. വിചാരങ്ങൾ ദേശാടനം ചെയ്യപ്പെടുന്നു. കുടുംബജീവിതത്തിന്റെ വൃത്തഭംഗിയിൽ ഒതുങ്ങാൻ ആഗ്രഹിക്കുന്നതോടൊപ്പം മറ്റൊരു സ്നേഹസംരക്ഷകനെ കാംക്ഷിക്കുകയും ചെയ്യുന്നു.

സ്ത്രീമനസ്സിന്റെ ദ്വന്ദ്വങ്ങളെയും രാഗതാളങ്ങളെയും ദേവി ടീച്ചർ എന്ന കഥാപാത്രം പ്രകടമാക്കുന്നു. മലയാള വായനയിലെ അപൂർവ്വ അനുഭവമാണ് പാണ്ഡവപുരം. മെക്കാണ്ടോയും ഖസാക്കും മയ്യഴിയും ലെമൂറിയയും പോലെ മിത്തോളജിയും ഫാന്റസിയും വേർതിരിക്കാനാവാത്ത അനുഭവം. മലയാള സിനിമയിൽ വ്യത്യസ്തമായൊരു ചലച്ചിത്രഘടന.

■

വോള്യം 5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം
വിഷൻ

# FILCA

## PREMIER SHOW

## ഇലവരമ്പ് (THE NARROW PATH)




വോള്യം 5 ലക്കം112 ഫെബ്രുവരി 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

# ഉത്തരാധുനിക സമസ്യയുടെ ഇലവരമ്പ്



ഡോ. വി. സുജാത



ബിശ്വജിത്ത് ശ്രീനിവാസൻ
(രചന, സംഗീതം, നിർമ്മാണം, സംവിധാനം)

കാടിനു സമീപമുള്ള ഒരു വീട്ടിൽ മദ്യപിച്ചു രസിക്കാൻ ഒത്തുചേരുന്ന മൂന്നു കൂട്ടുകാരിൽ ഒരുവനാണ് രഘു. രഘു അടിത്തിടെയാണ് സുമയെ വിവാഹം ചെയ്തത്. അവർ യഥാർത്ഥ ത്തിൽ വിവാഹിതരാണോ എന്ന കാര്യ ത്തിൽ അവ്യക്തതയുണ്ട്. രഘുവിന്റെ വേഷമാണ് ബിശ്വജിത്ത് ചെയ്യുന്നത്. സുമയുടെ വേഷം ബിനുഷയും.

ആ വീടു വിട്ടിറങ്ങിയാൽ കാണുന്ന നിബിഡ വനവും സ്വച്ഛന്ദമായൊഴുകുന്ന പുഴയും ഉപരിതല മനസ്സിന്റെ അടിത്ത ട്ടാകുന്ന പ്രാകൃത ഊർജ്ജതലങ്ങളുടെ പ്രതീകങ്ങളാകുന്നു. ബോധമനസ്സിനും അവ്യക്ത മനസ്സിനും ഇടയിലുള്ള വരമ്പ് നേർത്തതാണെന്ന് പറയുകയാണ് കഥാ കൃത്ത്. യുക്തിയുടെ മതിൽക്കെട്ടു ഭേദിച്ചും വികാരങ്ങളെ കെട്ടഴിച്ചുവിട്ടും ലക്ഷ്യമില്ലാതൊഴുകുന്ന മനസ്സുകൾക്ക്

# ഫിലിം വിഷൻ



യുക്തിരഹിതമായ മറ്റുതലങ്ങളിലേക്കാഴ്ന്നിറങ്ങാൻ 'ബുദ്ധിമുട്ടു'ണ്ടാകില്ലല്ലോ.

'ഇലവരമ്പി'നെ മനസ്സിലാക്കാൻ ദാർശനികമായ ചില ഉൾക്കാഴ്ചകൾ വേണം. പ്രപഞ്ച ശക്തി സദാ പരിണാമ വിധേയമായിക്കൊണ്ടിരിക്കുന്ന അനന്തസാഗരമാണ്. ആനുഭാവിക ലോകം ഉപരിതലം മാത്രം. ഈ പ്രപഞ്ച ശക്തിയുടെ ഉറവിടം ആദ്യമായി അന്വേഷിച്ചതും അനുഭവിച്ചറിഞ്ഞതും ഭാരതത്തിലെ ഋഷിവര്യന്മാരാണ്. മനുഷ്യന്റെ അസ്തിത്വ സ്വഭാവത്തെയായിരുന്നു ഋഷിമാർ അന്വേഷണവിധേയമാക്കിയത്. അവരുടെ നിഗമനത്തിൽ നമുക്ക് പരിചിതമായിട്ടുള്ള അന്തരംഗം അഥവാ ബോധമണ്ഡലം കേവല ബോധത്തിന്റെ പ്രതിബിംബം മാത്രമാകുന്നു. സംസാര സാഗരത്തിൽപ്പെട്ട് ഇത് ആടിയുലഞ്ഞുകൊണ്ടിരിക്കുന്നു. ഈ അനിശ്ചിതാവസ്ഥകളാണ് നമ്മുടെ വിചാരവികാരങ്ങളാകുന്ന മാനസികാവസ്ഥകൾ. ഈ അവസ്ഥകൾക്ക് ഉറവിടമായിട്ടുള്ളതും നിശ്ചലവും അനശ്വരവുമായ കേവലബോധമാണ് മനുഷ്യന്റെ സ്വത്വം എന്നതായിരുന്നു ഋഷികളുടെ കണ്ടുപിടിത്തം.

പാശ്ചാത്യരുടെ ഇടയിൽ ഗ്രീക്കുചിന്തകർ തുടങ്ങി ഉത്തരാധുനിക ചിന്തകന്മാർ വരെ ഈ കേവല ബോധത്തിലെത്തിയിട്ടില്ല.

അവർ അന്തരംഗത്തിന്റെ അനിശ്ചിതാവസ്ഥകളിലാണ് മനുഷ്യന്റെ അസ്തിത്വം തേടിയത്. പാശ്ചാത്യ സംസ്കാരത്തിന് അടിസ്ഥാനമേകിയ ഗ്രീക്കു ചിന്തകന്മാർ അനശ്വരമായ ആത്മതത്ത്വത്തിൽ വിശ്വസിച്ചിരുന്നുവെങ്കിലും സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ പ്രധാന തത്ത്വജ്ഞാനികൾ പോലും അന്തരംഗത്തിന്റെ പിന്നിലുള്ള യഥാർത്ഥ ബിംബത്തെ കാണാതെ പ്രതിബിംബത്തിൽ ആത്മാവിനെത്തിരഞ്ഞവരാണ്. ആധുനിക പാശ്ചാത്യ ചിന്തകരിൽ പ്രധാനികളായ ദെക്കാർത്ത്, ഇമാനുവൽ കാന്റ്, ഹെഗൽ മുതലായവരും ഏതാണ്ടിതു തന്നെയാവർത്തിച്ചു.

# ഫിലിം വിഷൻ

എന്നാൽ ആധുനിക സാഹിത്യകാരന്മാർക്കിടയിൽ അനശ്വരതയെ അംഗീകരിക്കാത്ത ഒരു കൂട്ടർ ഉണ്ടായിരുന്നു. ഇവർക്കാണ് മനുഷ്യന്റെ സ്വത്വം പ്രശ്നമായത്. ഇവർ മനസ്സിന്റെ അനിശ്ചിതത്വം മാത്രം അംഗീകരിച്ചവരാകയാൽ സ്വത്വം അന്വേഷിച്ചു കണ്ടെത്താനാവാതെ തീവ്രമായ അസ്തിത്വദുഃഖമനുഭവിക്കുന്നവരായി. കാഫ്കയുടെയും കമ്യൂവിന്റെയും എഴുത്തുകളിൽ ഉത്തരമില്ലാത്ത ഈ പ്രശ്നമാണ് പ്രമേയമാകുന്നത്.

ഭാരതത്തിലെ ഋഷിമാർ ബോധസാക്ഷാത്കാരം നേടിയവരായിരുന്നെങ്കിലും, പിൽക്കാലത്തെ ശാക്തേയന്മാർ വേദത്തിലെ ഉപാസനയുടെ തുടർച്ചയെന്നോണം പ്രപഞ്ച ശക്തിയെ ആരാധിക്കുന്നവരായി. അവരുടെ ലക്ഷ്യം തങ്ങളുടെ അന്തരംഗ ഊർജ്ജത്തെ അതിന്റെ മൂല്യസ്രോതസ്സായിട്ടുള്ള ആദിശക്തിയോടു ചേർക്കുകയെന്നതായി. അവരും ഉത്തരാധുനിക ചിന്തകരെപ്പോലെ മനസ്സിന്റെ ആഴങ്ങളിലേക്കു സഞ്ചരിച്ചെങ്കിലും എത്തിച്ചേർന്നത് സിഗ്മണ്ട് ഫ്രോയിഡിന്റെ ഉപബോധ മനസ്സിലല്ല. അതും കടന്ന് മഹാപ്രാണനെന്ന പ്രപഞ്ചത്തിന്റെ മൂലകാരണ ശക്തിയിലേക്കായിരുന്നു. ഈ അടിത്തട്ട് എല്ലാ ജീവജാലങ്ങളിലും സമാനാവസ്ഥയിലുള്ളതാകുന്നു. ഈ ഏകശക്തിയാണ് വിവിധ തരം ശക്തികളുടെയും പ്രപഞ്ചഘടനയുടെയുമെല്ലാം സമാനമായിട്ടുള്ള സ്രോതസ്സ്. ഇതിനെയാണ് പ്രശസ്ത പാശ്ചാത്യ മനഃശാസ്ത്രജ്ഞനായ കാൾ യുങ് ‘അബോധമനസ്സ്’ എന്നു വിളിച്ചത്. ഫ്രോയി



# ഫിലിം വിഷൻ

ഡിന്റെ ഭ്രാന്തമായ 'ഉപബോധ' മനസ്സ് പാശ്ചാത്യ ഗവേഷണഫലമായിരുന്നു.



എന്നാൽ യുങിന്റെ കേവലമായിട്ടുള്ളതും സർവ്വസമാനമായിട്ടുള്ളതുമായ 'അബോധമനസ്സ്' ഭാരതീയരുടെ വൈദിക താന്ത്രിക സമ്പ്രദായങ്ങളിൽ നിന്നും കടം കൊണ്ടതാണ്. ആദി ഊർജ്ജത്തെ തേടിയുള്ള യാത്രയിൽ അഭൗമമായിട്ടുള്ള പല അത്ഭുത സിദ്ധികളും സാധകനു ലഭ്യമാകാറുണ്ട്. എന്നാൽ യഥാർത്ഥ സാധകൻ ഇവയെ ഒന്നും പ്രദർശിപ്പിക്കാതെ അവഗണിച്ച് ആത്യന്തിക ലക്ഷ്യപ്രാപ്തിയിലേക്ക് നീങ്ങുന്നു.

ചിലരാവട്ടെ ഉപബോധ മനസ്സിന്റെ തലമെത്തുമ്പോൾ തന്നെ അത്ഭുത സിദ്ധികളിൽ ആകൃഷ്ടരായി വഴിതെറ്റുന്നു. അവരാണ് അന്ധവിശ്വാസത്തിന്റെയും അജ്ഞാനത്തിന്റെയും അതിമോഹത്തിന്റെയും ചുഴികളിലകപ്പെട്ട് ജനത്തെ ആഭിചാരകർമ്മങ്ങളിലേക്കും മറ്റും വലിച്ചിഴക്കുന്നത്. ഇലവരമ്പ് എന്ന ചിത്രത്തിന്റെ ആസ്വാദനം ഗാഢമായ അനുഭവമാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.

ഇല വരമ്പിലെ നായികയായ സുമ ഒന്നിൽ കൂടുതൽ പുരുഷന്മാരെ വരിച്ചവളും ഭ്രാന്തമായ ചിന്തകൾക്കടിമയുമാണ്. ഇങ്ങനെയൊരുത്തിയോടുള്ള സമ്പർക്കം കൊണ്ടായിരിക്കാം വിഭ്രാന്തിയിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്ന രഘു ജീവിതത്തിൽ വിശ്വാസം നഷ്ടപ്പെട്ട് നൈരാശ്യം പിടിപെട്ടവനെപ്പോലെ ഒടുവിൽ നീന്തിയ കലുന്ന ആദിയും മധ്യവും അവസാനവുമുള്ള ഒരു കഥാതന്തു ഈ ചിത്രത്തിനില്ല. ജീവന്റെ അനിശ്ചിതാവസ്ഥ മാത്രം ദർശിക്കയാൽ ജീവിതം നിരർത്ഥകവും നിരാശാജനകവുമായിത്തീർന്ന് ഒടുവിൽ പൂർണ്ണമായി അവ്യക്തതയെ പുൽകുന്നു.

ഫ്രോയിഡിന്റെ ഉപബോധ മനസ്സിനെയും, ഭാരതീയ ശാക്തേയ പാരമ്പര്യത്തെയും സ്പർശിക്കുന്ന ചില ചിന്തകളുണർത്തുന്നുവെന്നത് സിനിമയെ ശ്രദ്ധേയമാക്കുന്നുണ്ട്. എന്നാൽ അവ അവ്യക്തമായാണ് അവതരിപ്പിച്ചിട്ടുള്ളത്.

സിനിമയുടെ അവസാനം തെയ്യത്തിന്റെ രൂപം കാട്ടുന്നതിലൂടെ കാലസ്രോതസ്സു

# ഫിലിം വിഷൻ

സൂചിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. ഭാരതീയ താന്ത്രിക സമ്പ്രദായത്തെ ഇതിലേക്ക് സന്നിവേശിപ്പിക്കാനുള്ള ശ്രമവുമുണ്ട്. അതായത് അടയ്ക്കാനും തുറക്കാനും ജനാലകളും വാതിലുകളുമുള്ളതും, കാടിന്റെ അതിരിൽത്തന്നെയുള്ളതുമായ വീട് യുക്തിബന്ധിതമായ മനസ്സിന്റെ പ്രതീകമാണ്.

പ്രാകൃത രാഗദ്വേഷങ്ങളുടെ കലവറയാകുന്ന ഉപബോധമനസ്സിന്റെ പ്രതീകമാകുന്ന കാട്. പിന്നെ യുക്തിയുടെയോ രാഗദ്വേഷങ്ങളുടെയോ കെട്ടുകളില്ലാതെ സ്വച്ഛന്ദമായി ഒഴുകിക്കൊണ്ടിരിക്കുന്ന കേവലശക്തിയുടെ പ്രതീകമാണ് പുഴ.

ലക്ഷ്യബോധമില്ലാത്തതിനാലുള്ള അവ്യക്തമായ കാഴ്ച്ചപ്പാട് ഉത്തരാധുനികതയുടെ മുഖമുദ്രതന്നെയാണല്ലോ. സിനിമയിലും അത്തരം അവ്യക്തതയുടെ നിഴൽ പരന്നതാണെന്നു വിചാരിക്കാം.

ഒരു കാട്, വീട്, പുഴ - ഇവയിൽ അവ്യക്തമായ ചില ഉത്തരാധുനിക ചിന്തകൾ അങ്ങുമിങ്ങും വിതറിയിരിക്കുന്നു. എന്നാൽ ഉത്തരാധുനികതയുടെ സവിശേഷതകളെ ചൂണ്ടിക്കാട്ടുന്ന ഒരു ചിത്രീകരണമെന്ന നിലയ്ക്ക് ഇതിന് കാലിക പ്രാധാന്യമുണ്ട്.

പശ്ചാത്യരുടെ ആധുനിക സംസ്കാരത്തിൽ തുടങ്ങി ആധുനികോത്തര കലാസാഹിത്യത്തിൽ തഴച്ചുവളർന്ന ഒരു ചിന്താഗതിയെ ആസ്പദമാക്കിയുള്ളതാണ് ഇലവരമ്പ് എന്ന ചലച്ചിത്രം. മനസ്സിന്റെ യുക്ത്യധിഷ്ഠിത തലവും, യുക്തിരഹിതവും പ്രാകൃതവുമായിട്ടുള്ള അതിന്റെ അടിയൊഴുക്കുകളും തമ്മിൽ വേർതിരിക്കുന്നത് നേർത്ത ഒരു അതിര് (ഇലവരമ്പ്) കൊണ്ടാണെന്ന കാഴ്ചപ്പാടാണ് ഈ സിനിമയുടെ പ്രമേയം.

തിരക്കഥാകൃത്തും സംവിധായകനും നിർമാതാവും പ്രധാന നടനും ഒരാൾ തന്നെയെന്നതു മാത്രമല്ല, ഗാനങ്ങളും സംഗീതവും നിർവഹിച്ചിരിക്കുന്നതും ഇയാൾ തന്നെ - ബിശ്വജിത്ത് ശ്രീനിവാസൻ. ലക്ഷ്യബോധമില്ലാതെയും, സ്വത്വം തിരിച്ചറിയാനാവാതെ അസ്തിത്വ ദുഃഖം പേറിയും എങ്ങോട്ടോ ഒഴുകിയിറങ്ങുന്നവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളാകുന്ന രഘു-സുമ ദമ്പതികൾ. ●



# ഫിലിം വിഷൻ

## ഫിൽക്ക പ്രൊജക്ടർ പാക്കേജ്




സ്കൂൾ, കോളെജ്, റസിഡന്റ്സ് അസോസിയേഷനുകൾ, കലാ സാംസ്കാരിക സംഘടനകൾ, ചാരിറ്റബിൾ സംഘങ്ങൾ, ടൂറിസം ക്ലബുകൾ തുടങ്ങിയവയ്ക്ക് ഫിലിം പ്രദർശനം - സെമിനാർ നടത്തുവാൻ ഫിലിം, പുതിയ DLP പ്രൊജക്ടർ, ഓഡിയോ സിസ്റ്റം, i7 ലാപ്ടോപ്, ക്യാമറ
, എഡിറ്റിംഗ് എന്നിവ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നു. പ്രൊജക്ഷൻ
- ക്യാമറ
- എഡിറ്റിംഗ് - റെക്കോർഡിംഗ്
ടീമിന്റെ സേവനവും ഉണ്ടായിരിക്കും . പ്രോജക്ട് ഫിലിം, സിഗ്നേച്ചർ ഫിലിം , കോർപറേറ്റ് ഫിലിം, ഷോർട്ട് ഫിലിം, ഡോക്യുമെന്ററി ഫിലിം എന്നിവ തയ്യാറാക്കാൻ സഹായിക്കുന്നു . ഫിലിം എഡിറ്റിങ് പഠിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്:

Filca Film Society 9539437067 Vinodkumar ( Treasurer),93878 22526

Joy Mullukattil (Joint Secretary )75111 50388 Vijayadas Pandit ( Executive) .

കേരള സർക്കാർ

# കേരള
# സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

# സൗഭാഗ്യം
## ഇപ്പോൾ
## എല്ലാ ദിവസവും

ഞായർ
**അക്ഷയ**
ഒന്നാം സമ്മാനം
₹70 ലക്ഷം

തിങ്കൾ
**വിൻവിൻ**
ഒന്നാം സമ്മാനം
₹75 ലക്ഷം

ചൊവ്വ
**സ്ത്രീശക്തി**
ഒന്നാം സമ്മാനം
₹75 ലക്ഷം

ബുധൻ
**ഫിഫ്റ്റി - ഫിഫ്റ്റി**
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില ₹50

വ്യാഴം
**കാരുണ്യപ്ലസ്**
ഒന്നാം സമ്മാനം
₹80 ലക്ഷം

വെള്ളി
**നിർമൽ**
ഒന്നാം സമ്മാനം
₹70 ലക്ഷം

ശനി
**കാരുണ്യ**
ഒന്നാം സമ്മാനം
₹80 ലക്ഷം

ടിക്കറ്റ് വില
₹40
മാത്രം

കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം...സുതാര്യം...ജനകീയം

MALABAR
GOLD & DIAMONDS

# സ്വർണാഭരണങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യൂ, വില വർദ്ധനവിൽ നിന്നും സംരക്ഷണം നേടൂ!

വിലയുടെ **5%** മുതൽ നൽകി ബുക്ക് ചെയ്യൂ,
ബുക്ക് ചെയ്യുന്ന ദിവസത്തെ വിലയോ, ആഭരണം
വാങ്ങുന്ന ദിവസത്തെ വിലയോ ഏതാണോ കുറവ്,
ആ വിലയ്ക്ക് ആഭരണങ്ങൾ സ്വന്തമാക്കാം.

**Todays Gold Rate**
24th Feb, 2023

| | |
|---|---|
| 1 GRAM | ₹ 5,170 |
| 8 GRAM | ₹ 41,360 |

ONE INDIA ONE GOLD RATE



*Conditions apply


MAKE UP FOR
LOST TIME
PACK UP FOR
KERALA
'WORLD'S GREATEST PLACES TO VISIT IN 2022'
TIME
Make up for those missed family times,
the idle banters, the laughter riots...
Pack up for the backwaters, beaches,
hill stations and jungles of Kerala.
kerala
God's Own Country
keralatourism.org

FILM VISION Monthly February 2023 Rs. 2/- RNI-KER BIL/2002/8043

| Memberhip | | Payment to : Name : FILCA A/C 5700 118 1947 State Bank of India Branch : Poojappura IFSC - SBIN 0070032 |
|---|---|---|
| Annual | : 300/- | |
| Students | : 150/- | |
| Life-time | : 2000/- | |

*Please whatsApp payment image to 8089036090*


Reg.No.T-1665/1999
www.filca.in
Email : filcakerala@gmail.com
Ph.808906090

ഫിൽക ഫിലിം സൊസൈറ്റിയുടെ ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്......

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം 13-ാം പതിപ്പ്

മുഖവില 250/- അംഗങ്ങൾക്ക് 200/-

ഓൺലൈനിൽ ലഭിക്കുവാൻ www.peerbey.com




Chief Editor - Dr.B.Radhakrishnan ./ Associate Editors - Joy Mullukattil, Vijayadas Pandit ./ DTP, Page setting, - Swabin Computers , Statue, Trivandrum/ Design - Shaji Cad. / Circulation- Vinodkumar. P./ PRO - Meril. P. /
Editor and Publisher- Sabu Sankar,
General Secretary, FILCA, PB 2224, Trivandrum-10. Kerala.